MONDAY തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian

Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananhapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**26-07-2021**

# എഫ് ഐ ബി കാർഷികവാർത്തകൾ – FIB FARM NEWS

1. വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന പ്രൂണിംഗ്, ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ് ഷിയറിംഗ് എന്നിവയ്ക്കായുള്ള വീഡ് കട്ടർ, ബ്രഷ് കട്ടർ മുതലയാവയ്ക്ക് ധനസഹായം നൽകുന്നതിന് എസ്.സി/എസ്.റ്റി ചെറുകിട നാമമാത്ര കർഷകർ, സ്ത്രീ കർഷകർ എന്നിവർക്ക് വീഡ്കട്ടർ, ബ്രഷ്കട്ടർ വാങ്ങുന്നതിന് സബ്സിഡി 50% നിജപ്പെടുത്തി 1,25000/- രൂപ വരെ MIDH -2021-22 പദ്ധതി പ്രകാരം സബ്സിഡി നൽകുന്നതാണെന്ന് തിരുവനന്തപുരം ജില്ലാ കൃഷി ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. വിദ്യാഭ്യാസത്തോടൊപ്പം ഗ്രാമീണ കാർഷിക പരിചയം കൂടിയുള്ള പ്രൊഫഷണലുകളുടെ കൂട്ടായ്മ സൃഷ്ടിക്കുക ലക്ഷ്യമിട്ടുകൊണ്ട് കൃഷിവകുപ്പ് യുവതീയുവാക്കൾക്കായി കൃഷിഭവനുകളിൽ നൽകുന്ന ഇന്റേൺഷിപ്പിന് ആഗസ്റ്റ് മാസം 11 വരെ www.keralaagriculture.gov.in എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കാം. 24-8-21 മുതൽ 26-8-21 വരെയുള്ള ദിവസങ്ങളിൽ ഇൻറർവ്യൂ നടത്തി ഇന്റേണുകളെ തെരഞ്ഞെടുക്കുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

3. .പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിലും കാലാവസ്ഥാധിഷ്ഠിതഇൻഷുറൻസ് പദ്ധതിയിലും കർഷകർക്ക്ജൂലൈ 31-ാം തീയതിയ്ക്ക് മുമ്പായി ചേരാവുന്നതാണ്. www.pmfy.gov.inഎന്ന വെബ്സൈറ്റിൽഓൺലൈനായും, ഡിജിറ്റൽ സേവാകേന്ദ്രങ്ങൾ വഴിയും, തിരഞ്ഞെടുക്കപ്പെട്ട അക്ഷയകേന്ദ്രങ്ങൾ വഴിയും പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്. കൂടുതൽവിവരങ്ങൾക്ക് **0471-2334493** എന്ന നമ്പരിലോ,അഗ്രിക്കൾച്ചർ ഇൻഷുറൻസ് കമ്പനിയുടെ**1800-425-7064** എന്ന ടോൾഫ്രീ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

4. **ദേശീയ ഗോപാൽരത്ന പുരസ്കാരത്തിനായി അപേക്ഷ ക്ഷണിച്ചു.**

കേന്ദ്രസർക്കാർ അംഗീകരിച്ച തനതു ജനുസിൽപ്പെട്ട കന്നുകാലികളെ ശാസ്ത്രീയമായി പരിചരിക്കുന്ന വ്യക്തികൾക്കും ഏറ്റവും നല്ല എ ഐ ടെക്നീഷ്യനും ഡയറി കോപ്പറേറ്റീവ്/ മിൽക്ക് പ്രൊഡ്യൂസർ കമ്പനി/

**26-07-2021**

ഡയറി ഫാർമർ ഓർഗനൈസേഷൻ എന്നീ വിഭാഗങ്ങൾക്കും ദേശീയ ഗോപാൽ രത്ന പുരസ്കാരത്തിനായി അപേക്ഷിക്കാവുന്നതാണ്. ഓരോ വിഭാഗത്തിലേയും പുരസ്കാര വിജയികൾക്ക് ഒന്നാം സമ്മാമനമായി അഞ്ചു ലക്ഷം രൂപയും രണ്ടാം സമ്മാനമായി മൂന്നു ലക്ഷം രൂപയും മൂന്നാം സമ്മാനമായി രണ്ടുലക്ഷം രൂപയും നൽകുന്നതാണ്. അപേക്ഷ നൽകുന്നതിനുള്ള ലിങ്ക് 15/07/2021 മുതൽ 15/09/2021 വരെ www.dahd.nic.in / www.mha.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാകും.

**പരിശീലന പരിപാടികൾ**

5. എറണാകുളം ജില്ലയിലെ കാർഷിക പരിശീലന കേന്ദ്രമായ വൈറ്റില ആർ.എ.റ്റി.റ്റി.സി കർഷകർക്കായി ഇന്ന് ഉച്ചയ്ക്ക് (26-7-2021) 2.30-ന് വെണ്ട കൃഷി രീതിയും പരിപാലനവും എന്ന വിഷയത്തിൽ ഫെയ്സ്ബുക്ക് പരിശീലന പരിപാടി നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0484-2703094** എന്ന നമ്പരിൽ ബന്ധപ്പെടുക.

6. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (26.07.2021) രാവിലെ 11 മുതൽ **ക്ഷീര മേഖലയിലെ മാലിന്യസംസ്കരണം** എന്ന വിഷയത്തിൽ ഗൂഗിൾമീറ്റ് മുഖേന പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481-2302223** എന്ന നമ്പരിൽ ബന്ധപ്പെടുക.

7. തിരുവല്ല മഞ്ഞാടിയിലെ ഡക്ക് ഹാച്ചറി ആന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നാളെ (27-7-2021) പോത്തുകുട്ടി പരിപാലനം എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ വാട്സ് ആപ് സന്ദേശം മുഖേന പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9188522711 എന്ന മൊബൈൽ നമ്പരിൽ ബന്ധപ്പെടുക.

8. പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 28 ന് ശാസ്ത്രീയ കോഴിവളർത്തൽ, 29 ന് മണ്ണ് പരിശോധനയും സംയോജിത വളപ്രയോഗവും, 30 ന് കൂൺ കൃഷി എന്നീ വിഷയങ്ങളിലാണ് പരിശീലനം. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ അതാതുദിവസങ്ങളിൽ രാവിലെ 11 മണിയ്ക്ക് meet.google.com/kyy-watc-qem എന്ന ഗൂഗിൾ മീറ്റ് ലിങ്കിലൂടെ പരിശീലനത്തിൽ പ്രവേശിക്കാം. കൂടുതൽ വിവരങ്ങൾക്ക് 8078572094 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

**26-07-2021**

9. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് നാളെ (27-7-2021) പശുവളർത്തൽ, ഈ മാസം 29-ന് മുട്ടക്കോഴിവളർത്തൽ എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **9188522706** എന്ന വാട്സ്ആപ്പ് നമ്പരിലോ **04829 234323** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

10. ആലുവ മൃഗസംരക്ഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 28-ന് പോത്തുക്കുട്ടി പരിപാലനം എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **9188522708, 0484 2361355** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം